# വിദ്യാലയ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | എ.എൽ.പി.എസ്. പള്ളിപ്പാടം |
| സ്ഥാപിത വർഷം | 1925 |
| സ്കൂളിന്റെ കോഡ് | 20535 |
| സ്കൂൾ ഡയസ് കോഡ് | 32061300802 |
| വിസ്തീർണ്ണം | 33 സെന്റ് |
| ജില്ല | പാലക്കാട് |
| ബ്ലോക്ക് | തൃത്താല |
| പഞ്ചായത്ത് | തിരുമിറ്റക്കോട് |
| ക്ലസ്റ്റർ | ചാത്തന്നൂർ |
| സ്കൂൾ കാറ്റഗറി | പ്രൈമറി |
| ഇ മെയിൽ | alpspallippadam@gmail.com |
| ഹെഡ്മാസ്റ്റർ | ഉണ്ണികൃഷ്ണൻ. കെ.ടി |
| ഫോൺ | 9539095036 |
| അധ്യാപകരുടെ എണ്ണം | 5 |
| കുട്ടികളുടെ എണ്ണം | 85 |
| പി.ടി.എ. പ്രസിഡന്റ് | സൽമത്ത്. ഒ.പി. |
| എം.പി.ടി.എ. പ്രസിഡന്റ് | അൻസില |

# മാതൃഭാഷ-മലയാളം

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും അർത്ഥപൂർണമായും അനായാസമായും വായിക്കാനും എഴുതാനും ഉള്ള ശേഷി വികസനം.
* എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിന് അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക.
* കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
* സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക.
* ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
* ദിനാചരണങ്ങളുടെ ഭാഗമായി വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ കണ്ടെത്തുക.

| Sl no. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1 | എല്ലാകുട്ടികളെയും സ്വതന്ത്രവായനക്കാരും എഴുത്തുകാരും ആക്കുന്നു. | - വായനാമൂല<br>- സ്കൂൾ ലൈബ്രറി<br>- ബാലസഭ<br>- ചിത്രവായന<br>- കടങ്കഥവായന്<br>- കഥാപൂരണം<br>- വിദ്യാരംഗം<br>- ആനുകാലിക പ്രസിദ്ധീകരണം<br>- സാഹിത്യകാരന്മാരുമായി അഭിമുഖം<br>- പത്രവായന<br>- ഇ- വായന<br>- പുസ്തക പരിചയ കുറിപ്പ്<br>- അമ്മ വായന | വർഷം മുഴുവൻ. | ക്ലാസ് അധ്യാപകൻ<br>ലൈബ്രറി ചാർജ്ജ് ഉള്ള അധ്യാപിക<br>SRG | |
| 2 | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്കൊരു കൈത്താങ്ങ് | - പ്രീ ടെസ്റ്റ്<br>- അക്ഷരമാല തയ്യാറാക്കൽ<br>- ചിത്രവായന<br>- ചിത്രം നോക്കി കഥ പറയൽ<br>- വാക്കുകൾ നിർമ്മിക്കൽ<br>- വാക്യങ്ങൾ നിർമ്മിക്കൽ<br>- മാതൃപാഠം, മധുരം മലയാളം - പ്രത്യേക പരിശീലനം. | 6 മാസം | ക്ലാസ് അധ്യാപകൻ | |

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

* ഇംഗ്ലീഷ് ഭാഷയിൽ താൽപ്പര്യം ജനിപ്പിക്കുക.
* സ്കൂളിൽ ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കുക.
* ഇംഗ്ലീഷ് ഒഴുക്കോടെ ഉച്ചത്തിൽ വായിക്കാൻ പ്രാപ്തരാക്കുക.
* വ്യവഹാരങ്ങൾ സ്വയം എഴുതാനും തെറ്റുതിരുത്താനും പ്രാപ്തരാക്കുക

| Sl no. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കുന്നതിനും <u>ഉള്ള</u> ശേഷി കൈവരിക്കൽ | - ക്ലാസ് റൂമിൽ ഒരു <u>ഇംഗ്ലീഷ്</u> കോർണർ.<br>- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br>- കഥാരചന<br>- കവിതാരചന<br>- ഇംഗ്ലീഷ് ലൈബ്രറി<br>- റീഡിംഗ് കാർഡുകൾ<br>- ഗെയിമുകൾ<br>- ദിനാചരണം<br>- നാടകം<br>- ന്യൂസ് റീഡിംഗ്<br>- ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം<br>- ഡയറി എഴുതൽ | വർഷം മുഴുവൻ | ക്ലാസ് അധ്യാപിക<br>ഇംഗ്ലീഷ് ക്ലബ്ബ് | |
| 2. | പിന്നോക്കം നിൽക്കുന്നവർക്ക് <u>ഇംഗ്ലീഷ്</u> വായിക്കാനും എഴുതാനും സംസാരിക്കുന്നതിനും <u>ഉള്ള</u> ശേഷി വികസനം. | - അക്ഷരനിർമാണം<br>- വാക്ക് നിർമാണം<br>- ചെറുവാക്യങ്ങൾ നിർമിക്കൽ<br>- | 6 മാസം | ക്ലാസ് അധ്യാപിക | |

# പ്രവർത്തനങ്ങൾ - ഇംഗ്ലീഷ്

1. ഇംഗ്ലീഷ് കോർണർ

ഇംഗ്ലീഷ് വർക്ക് ഷീറ്റുകൾ, വായനാ കാർഡുകൾ പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഇംഗ്ലീഷ് കോർണർ ഉണ്ടാക്കുന്നു. വായനയ്ക്ക് അവസരം നൽകുന്നു.

2. സ്പോക്കൺ ഇംഗ്ലീഷ്

കുട്ടികളിൽ ഇംഗ്ലീഷ് നന്നായി കൈകാര്യം ചെയ്യുന്നതിനായി Games, Phonemes, puzzle എന്നിവ ഉൾപ്പെടുത്തി രണ്ട് ക്ലാസുകൾ വീതം ആഴ്ചയിൽ നൽകുന്നു.

4. ഇംഗ്ലീഷ് ക്ലബ്ബ്.

Skit, Speech എന്നിവയിലൂടെ ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ

5. ഇംഗ്ലീഷ് അസംബ്ലി.

ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. മാറി മാറി ഓരോ ക്ലാസിനും അവസരം നൽകുന്നു.

# പ്രവർത്തനങ്ങൾ - ഭാഷ

1. മാതൃപാഠം - മധുരം മലയാളം

* പ്രീടെസ്റ്റ് നടത്തുന്നു
* പിന്നോക്കക്കാരെ കണ്ടെത്തുന്നു
* വിവിധ പ്രവർത്തനങ്ങളിലൂടെ മുൻനിരയിൽ എത്തിക്കുന്നു.

2. പത്രവായന പരിപോഷിപ്പിക്കൽ

* 1,2 ക്ലാസുകളിൽ പ്രധാന തലക്കെട്ടുകൾ കണ്ടെത്തി വായിക്കൽ
* ഓരോ ക്ലാസിനും ഓരോ പത്രം
* 3, 4 ക്ലാസുകളിൽ ഒഴിവ് സമയങ്ങളിൽ 'ന്യൂസ് അവർ' (ഒരാൾ റീഡറും മറ്റു കുട്ടികൾ ശ്രോതാക്കളും ആവുന്നു.)

3. കഥാപൂരണം

* ഒരു കഥയുടെ കുറച്ച് ഭാഗം നൽകി ബാക്കി പൂരിപ്പിക്കുവാനും ഭാവാത്മകമായി അവതരണം.

4. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം

* സാഹിത്യകാരന്മാരെ സന്ദർശിച്ചോ സ്കൂളിലേക്ക് അതിഥിയായി ക്ഷണിച്ചോ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തുന്നു.

5. രചന മത്സരങ്ങൾ

* ദിനാചരണത്തോട് ബന്ധപ്പെട്ട് വിവിധ രചനാ മത്സരങ്ങൾ നടത്തുന്നു. മികച്ചതിനെ കണ്ടെത്തി സമ്മാനം നൽകുന്നു.

# കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ കായികശേഷി വികസിപ്പിച്ച് മികവിലെത്തിക്കൽ

| Sl നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളെ ശാരീരികമായും മാനസികമായും ബലപ്പെടുത്തുകയും ജീവിതശൈലി രോഗങ്ങൾക്കെതിരെ സജ്ജരാക്കുകയും ചെയ്യൽ | താൽപര്യമുള്ള കുട്ടികളെ പരിഗണിച്ച് കരാട്ടെ പരിശീലനം നൽകൽ (പരിചയസമ്പന്നരായ കരാട്ടേ അധ്യാപകരുടെ സഹായത്താൽ) | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| 2 | കുട്ടികളുടെ കായികശേഷി വികസിപ്പിച്ച് മികവിലെത്തിക്കൽ | വിവിധതരം കായിക ഉപകരണങ്ങളിലൂടെയും കളികളിലൂടെയും കായികശേഷി മെച്ചപ്പെടുത്തൽ | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| 3 | കായിക മത്സരങ്ങളിൽ മികവിലെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിവിധ കായിക മത്സരങ്ങളിൽ പരിശീലനം നൽകൽ (Synthetic track ഉപയോഗപ്പെടുത്തൽ, പരിശീലനം ലഭിച്ച അധ്യാപകരിലൂടെ) | 6 മാസം | അധ്യാപകർ | അധ്യാപകർ |

# പ്രവൃത്തിപരിചയ വിദ്യാഭ്യാസം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അധ്യാപകരുടെ സഹായത്താൽ കുട്ടികൾ വിവിധ ഉത്പന്നങ്ങൾ നിർമിക്കുന്നതിൽ പ്രാവിണ്യം നേടൽ | ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി വിവിധ വസ്തുക്കൾ (തൊപ്പി, flower vase, ..) നിർമിക്കൽ | 1 വർഷം | അധ്യാപകർ | അധ്യാപകർ |
| 2 | ക്ലാസ്റൂം വിനിമയത്തിനാവശ്യമായ വിവിധതരം പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ നിർമിക്കും | സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ശില്പശാല (ഒറിഗാമി, ഗണിതക്കിറ്റ്...) | 3 തവണ | അധ്യാപകർ | അധ്യാപകർ |
| 3 | പ്രാദേശിക തൊഴിലുകളെ കുറിച്ച് ധാരണ നേടാനും അതിലേർപ്പെടുന്നതിനുമായി സന്ദർഭം ഒരുക്കൽ | ഓല കൊണ്ടുള്ള ഉത്പന്നങ്ങൾ, മരത്തിൽ കൊത്തുപണി തുടങ്ങിയവ പരിശീലിക്കൽ (വിദഗ്ധരുടെ സഹായത്താൽ) | 3 തവണ | അധ്യാപകർ | അധ്യാപകർ കുട്ടികൾ |
| 4 | പ്രവൃത്തിപരിചയ പരിശീലനം - മേള | തല്പരരായ കുട്ടികളെ മേളകളിൽ പരിചയസമ്പന്നരായ അധ്യാപകരുടെ സഹായത്താൽ സജ്ജമാക്കൽ | 6 മാസം | അധ്യാപകർ | അധ്യാപകർ |

# അറബിക്

## ലക്ഷ്യങ്ങൾ

* അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി, എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്.
* ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദനിർമ്മാണം പദശേഖരണം.
* ഉപചാര വാക്യങ്ങൾ മനസ്സിലാക്കുന്നു, പറയുന്നു
* കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
* മാഗസിൻ നിർമ്മാണം
* ദിനചാരണങ്ങൾ പരിചയപ്പെടുന്നു.

| Sl. No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1 | അറബിക് മധുരം<br><br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കാനായി പ്രത്യേക പരിപാടി | പകർത്തെഴുത്ത്, വായന<br>* ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ paintൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നൽകുക.<br>* ഓരോ കുട്ടികൾക്കും ഓരോ വായനാകാർഡ് വീതം നൽകി ഇതിലൂടെ വായനയും അക്ഷരങ്ങളെ പരിചയപ്പെടാനും കുട്ടിയെ പഠിപ്പിക്കുന്നു. | 2 മാസം | അറബിക് അധ്യാപകൻ | |

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | വായനാലോകം<br>* കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br>* നല്ല വായനക്കാരാക്കുക | 1. തെരഞ്ഞെടുത്ത മികച്ച അറബിക് പുസ്തക ശേഖരം<br>പുസ്തകങ്ങൾ:<br>* ചിത്രകഥ<br>* കഥ പുസ്തകം<br>* കുട്ടിക്കവിതകൾ<br>* ചെറിയ വിവരണ ബുക്കുകൾ<br>* അറബി വായനക്കാർഡുകൾ<br>* അറബിക് ക്വിസ്<br>2. ക്ലാസ് വായന<br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ചു മിനിറ്റിൽ ഓരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക | 6 മാസം | അറബിക് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3. | 1. ആസ്വാദന ലോകം | 1. ആസ്വാദന സഭ<br>* പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കുവാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക.<br>* ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവുക<br>2. കാഴ്ചയും കേൾവിയും<br>നേരത്തെ ഡൗൺലോഡ് ചെയ്തുവച്ച മികച്ച അറബി കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും പ്രൊജക്ടറിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ.<br>ഉദാഹരണത്തിന്:<br>ഖുർആൻ കഥകൾ,<br>ആനിമേഷൻ വീഡിയോകൾ,<br>ഡോക്യുമെന്ററികൾ,<br>ഗുണപാഠ കഥകൾ,<br>ധാർമ്മിക കഥകൾ | 6 മാസം | അറബിക് അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 4 | പദപരിചയം<br>അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | * ഒരു പദം പരിചയപ്പെടുത്തൽ.<br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്ക് ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ബോർഡിൽ ഒരു അറബി പദം എഴുതി പരിചയപ്പെടുത്തുന്നു. പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുന്നു. എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു. മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുന്നു. | 1 വർഷം | അറബി അധ്യാപകൻ<br>വിദ്യാർത്ഥികൾ | |
| 5. | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>* ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br>* പുസ്തകം പരിചയപ്പെടുത്തൽ<br>* കവിതകൾ പരിചയപ്പെടുത്തൽ | | | |

| | | | | | |
|---|---|---|---|---|---|
| 6. | അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലാത്തതോ ഒരു ഫുൾ ഡേ അല്ലെങ്കിൽ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br>കാര്യപരിപാടികൾ<br>* ഉദ്ഘാടനം<br>* അറബി മത്സരങ്ങളിൽ പങ്കെടുത്തവർക്കുള്ള സമ്മാനദാനം<br>* മികച്ച അറബിക് കലാ അവതരണം.<br>* അറബിക് സാഹിത്യകാരനെ ആദരിക്കൽ<br>* തിരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി പ്രദർശനം<br>* അറബിക് എക്സിബിഷൻ | വർഷത്തിലൊരിക്കൽ | | |
| 7. | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം ചിത്രീകരണം, മോണോ-ആക്ട്, വാർത്താവായന തുടങ്ങിയ ഇനങ്ങളിൽ പ്രാക്ടീസ് നൽകി അവതരിപ്പിക്കൽ | വർഷത്തിലൊരിക്കൽ | | |

| | | | | | |
|---|---|---|---|---|---|
| 8. | നല്ല എഴുത്ത്<br>കുട്ടികളുടെ കൈയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത്<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>* ചുമർപത്രിക<br>* വർഷത്തിലൊരിക്കൽ കൈയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക. | 1 വർഷം | അറബിക് അധ്യാപകർ | |
| 9. | ഡിജിറ്റൽ ലോകം<br>പ്രവർത്തിയിൽ പരിചയപ്പെടുത്തൽ | * ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പഠിക്കാനം അനിവാര്യമായതിനാൽ. പ്രൈമറി ക്ലാസിൽ നിന്നു തന്നെ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിചയപ്പെടുത്തുകയും ചെറിയ പ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികളെ കഴിവുള്ളവരാക്കുന്നു.<br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ PPT ഉണ്ടാക്കാൻ പരിചയപ്പെടുത്തുക. | 1 വർഷം | അറബിക് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 10. | എഴുത്തിന്റെ ലോകം | * ക്ലാസ് മാസിക നിർമ്മാണം<br>* ചുമർ പത്രിക നിർമ്മാണം<br>* വായനാക്കാർഡ് നിർമ്മാണം<br><br>മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി A4 Size ൽ വൃത്തിയായി എഴുതി കളർ നൽകി ലാമിനേഷൻ ചെയ്ത വായനാക്കാർഡ് നിർമിക്കൽ. | 6 മാസം | അറബിക് അധ്യാപകൻ | |
| 11. | ദിനാചരണങ്ങൾ | * സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമിക്കുന്നു.<br>* നേരത്തെ നിശ്ചയിച്ച് വെച്ച ദിനങ്ങളിൽ ഓരോ ദിനങ്ങൾക്കു യുക്ത പോസ്റ്ററുകൾ നിർമിക്കുന്നു.<br>(ഗ്രൂപ്പ് പ്രവർത്തനം) | 1 വർഷം | അറബിക് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 12. | മത്സരങ്ങളുടെ ലോകം | മുഴുവൻ വിദ്യാർത്ഥികളുടെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് അറബി മത്സരങ്ങൾ സംഘടിപ്പിക്കുക.<br>* പദനിർമ്മാണം<br>* കഥ പറയൽ<br>* കവിത ചൊല്ലൽ<br>* ക്വിസ് മത്സരം<br>* കളറിംഗ്<br>* മെമ്മറി ടെസ്റ്റ്<br>* ആംഗ്യ ഗാനം<br>* ഖുർആൻ പാരായണം<br>* പദപ്പയറ്റ്<br>* പസിൽസ് | 1 വർഷം | അറബിക് അധ്യാപകൻ |